കേരള സർക്കാർ

നം.ജെ3/125/2019/പൊവിവ

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം, തീയതി: 14/08/2019

## സർക്കുലർ

വിഷയം:- പൊവിവ-പാർട്ട് ടൈം തസ്തിക ഫുൾ ടൈം ആയി മാറുമ്പോൾ അധിക തസ്തികയാകുന്നില്ല എന്നതിനുള്ള സ്പഷ്ടീകരണം - സംബന്ധിച്ച്

സൂചന:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/11/18 തീയതിയിലെ ജി4/83582/18/ ഡി.പി.ഐ നമ്പർ കത്ത്.

പാർട്ട് ടൈം തസ്തികയിൽ ഒരാൾ തുടരുമ്പോൾ പ്രസ്തുത തസ്തിക ഫുൾ ടൈം ആയി മാറിയാൽ അതിനെ അധിക തസ്തികയായി കണക്കാക്കി, അധിക തസ്തികകളിലെ നിയമനത്തിനും അംഗീകാരത്തിനുമുള്ള കെ ഇ ആർ ഭേദഗതിയുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് സൂചന കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്പഷ് ടീകരണം ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു

2) ഒരു പാർട്ട് ടൈം തസ്തികയിൽ ഫുൾ ടൈം ആനുകൂല്യം ലഭിച്ചുവന്ന ടീച്ചർ സേവനത്തിൽ നിന്നും വിരമിക്കുമ്പോൾ പ്രസ്തുത ടീച്ചർ അനുഭവിച്ചുവന്ന ഫുൾ ടൈം ആനുകൂല്യം ഇല്ലാതാകുമെന്നതിനാൽ തസ്തിക പാർട്ട് ടൈം ആയി തന്നെ തുടരുന്നു. അതുകൊണ്ട് ഒരു പാർട്ട് ടൈം വിരമിക്കൽ ഒഴിവിലേക്ക് നടത്തിയ നിയമനമായി പരിഗണിച്ച് അത്തരം ഒഴിവിലേയ്ക്കുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകിവരുന്നു. എന്നാൽ, ഇപ്രകാരം പാർട്ട് ടൈം ഒഴിവുണ്ടായതിന്റെ അടുത്ത അദ്ധ്യയനവർഷത്തെ തസ്തിക നിർണയത്തിൽ കുട്ടികളുടെ എണ്ണം കൂടുതലുണ്ടാകുന്നതു മൂലം പ്രസ്തുത പാർട്ട് ടൈം തസ്തിക ഫുൾ ടൈം ആയി മാറുന്ന സാഹചര്യമുണ്ടാകുകയാണെങ്കിൽ അങ്ങനെയുണ്ടാകുന്ന ഫുൾടൈം തസ്തിക അധിക ഡിവിഷൻ തസ്തികയാകുമോ എന്നതാണ് വിദ്യാഭ്യാസ ഓഫീസർമാർ/പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉന്നയിച്ചിട്ടുള്ള സംശയം. ഈ സാഹചര്യം ഒരു ഉറുദു അദ്ധ്യാപക തസ്തികയെ ഉദാഹരണത്തിനായി സ്വീകരിച്ചുകൊണ്ട് ചുവടെ വിശകലനം ചെയ്യുന്നു:-

മുൻവർഷത്തെ തസ്തിക നിർണ്ണയപ്രകാരം ഉണ്ടായിരുന്ന ഒരു പാർട്ട്-ടൈം ഉറുദു അദ്ധ്യാപക തസ്തിക **പാർട്ട്-ടൈം സ്വഭാവത്തോടെയാണ്** അടുത്തവർഷത്തെ 14/07 വരെ തുടരുന്നത്. 15/07 മുതൽ പ്രാബല്യത്തിൽ വരുന്നതായ തസ്തികനിർണ്ണയത്തിലും ഇതേ ഉറുദു അദ്ധ്യാപക തസ്തിക തുടരുന്നുണ്ട്; പക്ഷേ **ഫുൾ-ടൈം സ്വഭാവത്തോടെ** ആണെന്ന ഒരു വ്യത്യാസം മാത്രം. അതായത്, ഉറുദു അദ്ധ്യാപക തസ്തികയുടെ സ്വഭാവം മാറി എന്നതല്ലാതെ ഒരു പുതിയ/അധിക ഉറുദു അദ്ധ്യാപക തസ്തിക സൃഷ്ടിക്കപ്പെടുന്നില്ല. ഉറുദു

അദ്ധ്യാപകന്റെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നുമില്ല. അതിനാൽ പ്രസ്തുത ഫുൾ-ടൈം തസ്തിക അധിക ഡിവിഷൻ തസ്തികയാകുന്നില്ല. ഇപ്രകാരം തന്നെയാണ് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ വിവക്ഷിക്കുന്നതെന്ന് അദ്ധ്യായം 14 എ ചട്ടം 8 (1)-ന്റെ രണ്ടാമത്തെ പ്രൊവൈസോയുടെ താല്പര്യംകൊണ്ട് ഒന്നുകൂടി വ്യക്തമാക്കുന്നതാണ്:-

"Provided further that the appointment order and the time-limit specified in the sub-rule shall not be insisted in the case of conversion of part-time post into full-time as per staff fixation and the filling up of such post by promotion"

ഇതേ വസ്തുത തന്നെ ജി.ഒ (എം.എസ്) 14/81/പൊവിവ തീയതി 17-1-1981 മുഖേന മുമ്പ് വ്യക്തമാക്കിയിട്ടുമുണ്ട്. ആയതിനാൽ മുൻ വർഷം ഉണ്ടായിരുന്ന ഒരു പാർട്ട്-ടൈം തസ്തിക തൻ വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിലൂടെ ഫുൾ-ടൈം തസ്തിക ആയി മാറിയാൽ അപ്രകാരമുണ്ടാകുന്ന ഫുൾ-ടൈം തസ്തിക അധിക ഡിവിഷൻ തസ്തികയാകില്ല എന്ന സ്പഷ്ടീകരണം നൽകുന്നു.

3. മേല്പറഞ്ഞ ചട്ടമനുസരിച്ച് മുൻവർഷം ഉണ്ടായിരുന്ന പാർട്ട്-ടൈം ഉറുദു തസ്തിക conversion മൂലം ഫുൾ-ടൈം ഉറുദു തസ്തികയായി മാറുമ്പോൾ പുതുതായ നിയമനോത്തരവ് ആവശ്യമില്ലാത്തതിനാൽ ഒരു ടീച്ചറെ പ്രസ്തുത പാർട്ട് ടൈം ഉറുദു തസ്തികയിൽ അടുത്ത വർഷം 1/06 മുതൽ നിയമിച്ചിട്ടുണ്ടെങ്കിൽ കൂടി പ്രസ്തുത ടീച്ചറെ 14/07 വരെ പാർട്ട്-ടൈം ആയി അംഗീകാരം നൽകാവുന്നതും 15/07 മുതൽ ഫുൾ-ടൈം ഉറുദു തസ്തികയിൽ തുടരാൻ അനുവദിക്കാവുന്നതും 15/07 മുതൽ മാത്രം ഫുൾ-ടൈം ആയി അംഗീകാരം നൽകാവുന്നതുമാണ്.

ഏതൊരു പാർട്ട്-ടൈം തസ്തികയും ഫുൾ-ടൈം ആയി മാറുമ്പോൾ മേൽപറഞ്ഞ സാഹചര്യമുണ്ടാകുകയാണെങ്കിൽ ഈ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

**എ. ഷാജഹാൻ**
**സെക്രട്ടറി**

പുറത്തെഴുത്ത് നം.എച്ച്2/44871/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 01/10/2019.

സർക്കുലറിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അറിവിലേക്കും അനന്തര നടപടികൾ സ്വീകരിക്കുന്നതിനായും അയക്കുന്നു. ഇതിനകം നിരസിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകാര പ്രൊപ്പോസലുകൾ ഈ സർക്കുലറിന്റെ വെളിച്ചത്തിൽ അപ്പലേറ്റ് ഉത്തരവ് കൂടാതെ തന്നെ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പുന:പരിശോധിക്കേണ്ടതാണ്. അപ്പീലധികാരികളുടെ പക്കൽ ഈ വിഷയത്തിൽ നിലവിലുള്ള അപ്പീലുകൾ ബന്ധപ്പെട്ടവർക്ക് തിരിച്ചയക്കാവുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

<u>സ്വീകർത്താക്കൾ</u>

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

<u>പകർപ്പ്</u>

1. എല്ലാ സ്കൂൾ മാനേജർമാർക്കും
(വെബ്സൈറ്റ്/വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം)
2. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

എസ്.ആർ.